(ബി) എഞ്ചിനീയറിംഗ് കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിക്കും ;

(സി) ഏതെല്ലാം വിഷയങ്ങളാണ് ഇവിടെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പ്രിൻസിപ്പൽ, പ്രൊഫസർ (ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽസ്) എന്നിവരായും കണക്ക്, ഫിസിക്സ് എന്നീ വിഷയങ്ങളും പഠിപ്പിക്കുന്നതിന് അത്യാവശ്യം വേണ്ട നിയമനങ്ങളും നടത്തിക്കഴിഞ്ഞു. കെമിസ്ട്രി അദ്ധ്യാപകരെ ഉടൻ നിയമിക്കുന്നതാണ്.

(ബി) ലഭ്യമാക്കാവുന്ന സർക്കാർ ഭൂമി കൈമാറുന്നതിനും സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടി നടക്കുന്നു. ഭൂമി കൈവശം കിട്ടിക്കഴിഞ്ഞാലുടനെ കെട്ടിട നിർമ്മാണം ആരംഭിക്കും.

(സി) സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കലും ഇലക്ട്രോണിക്സും, ഇലക്ട്രോണിക്സും കമ്മ്യൂണിക്കേഷനും വിഷയങ്ങൾ.

തിരുവനന്തപുരം ജില്ലയിലെ മാത്തമറ്റിക്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

940. [1380] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂളുകളിൽ മാത്തമറ്റിക്സ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഈ അദ്ധ്യയനവർഷം എത്ര ഒഴിവുകൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട് ;

(സി) നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകളിലേക്ക് നിയമനം നടത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പതിനൊന്ന് ഒഴിവുകളുണ്ട്.

(ബി) ഈ ജില്ലയിൽനിന്നും സ്ഥലംമാറ്റം മൂലം മാറ്റ് ജില്ലകളിലേക്ക് അദ്ധ്യാപകർ ആരെങ്കിലും പോവുകയാണെങ്കിൽ ഒഴിവുകൾ ഉണ്ടാകാം. മാർച്ച് മാസത്തിൽ റിട്ടയർമെന്റ് മൂലവും പ്രമോഷൻ മുഖേനയും അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ടാകും. ഒഴിവുകൾ എത്രയെന്ന് തീട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

(സി) സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൊട്ടക്ഷൻ ആനുകൂല്യം നിറുത്തലാക്കിയതുമൂലം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർ

941. [1387] ശ്രീ. എം. വി. രാഘവൻ :
,, ഡി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊട്ടക്ഷൻ ആനുകൂല്യം എടുത്തുകളഞ്ഞതിന്റെ ഫലമായി സംസ്ഥാനത്ത് എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൊട്ടക്ഷൻ ആനുകൂല്യം പുന:സ്ഥാപിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-10-1984-ൽ പ്രൊട്ടക്ഷൻ ആനുകൂല്യം അനുഭവിച്ചുകൊണ്ടിരിക്കുന്നവർക്ക് 15-7-1986 വരെ നിലവിലുള്ള ചട്ടങ്ങം പ്രകാരം പ്രൊട്ടക്ഷന് അർഹത നേടുന്നവർക്കും പ്രൊട്ടക്ഷൻ കൊടുക്കുന്നതാണ്. ആർക്കെങ്കിലും ആനുകൂല്യം ലഭിക്കാതെ ജോലി നഷ്ടപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇക്കാര്യം ഗവൺമെൻറ് ആലോചിച്ചുവരുന്നു.

തിരുവല്ലയിൽ നിയമിതരായ താൽക്കാലിക അദ്ധ്യാപകർക്ക് ഫെസ്റ്റിവൽ അലവൻസ്

942. [1382] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ താൽക്കാലിക നിയമനം കിട്ടിയ അദ്ധ്യാപകർക്ക് ഓണക്കാലത്ത് കിട്ടേണ്ടതായ ഫെസ്റ്റിവൽ അലവൻസ് കൊടുത്തിട്ടില്ല എന്നുള്ള വിവരം സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഫെസ്റ്റിവൽ അലവൻസ് കൊടുക്കാൻ വേണ്ട നിർദ്ദേശം സർക്കാർ നൽകുമോ ?

ഉത്തരം

(എ) ഫെസ്റ്റിവൽ അലവൻസ്, ബോണസ് എന്നിവ നിഷേധിച്ചുവെന്ന പരാതികളം ലഭിച്ചതായി കാണുന്നില്ല. പരാതികളം ലഭിച്ചാൽ അവ പരിശോധിക്കുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സംസ്കൃത കലോൽസവം

943. [1383] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 വിദ്യാഭ്യാസ വർഷത്തിൽ സംസ്കൃത കലോൽസവം നടത്തുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് എവിടെ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫെബ്രുവരി ആദ്യവാരം പട്ടാമ്പി സംസ്കൃത കോളേജിൽ വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു.

സർവകലാശാലകളിൽ സിനിമയും നാടകവും പാഠ്യവിഷയമാക്കാൻ നടപടി

944. [1384] ശ്രീ ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർവകലാശാലകളിൽ സിനിമയും നാടകവും പാഠ്യവിഷയമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly